**ICCS/41/2026-EA1(Admin)** **Date: 08/06/2026**

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കോട്ടയം ആസ്ഥാനമായുള്ള കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആവശ്യത്തിലേക്കായി ഒരു വർഷത്തേക്ക് വാഹനം റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ ഓടിക്കുന്നതിന് മതിയായ വാഹനവും സന്നദ്ധതയും ഉള്ള വാഹന ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ മുദ്ര വെച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | വാഹനങ്ങൾ | സി സി |
|---|---|---|
| 1 | 6+1 സീറ്റ് | 2000 സിസി അല്ലെങ്കിൽ അതിനുമുകളിൽ |
| 2 | 4+1 സീറ്റ് | 1100 സിസി അല്ലെങ്കിൽ അതിനുമുകളിൽ |
| 3 | 15 സീറ്റ് | 2600 സിസി അല്ലെങ്കിൽ അതിനുമുകളിൽ |

പൂർത്തികരിച്ച് സമർപ്പിക്കുന്ന ക്വട്ടേഷനുകൾ അയക്കുന്ന കവറിന് പുറത്ത് “2026 വർഷത്തിൽ റേറ്റ് കോൺട്രാക്ട് വാഹനം ഓടിക്കുന്നതിനുള്ള ക്വട്ടേഷൻ” എന്ന് രേഖപ്പെടുത്തേണ്ടതാണ്. വ്യക്തമായും കൃത്യമായും പൂർത്തികരിക്കാത്ത ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്. ക്വട്ടെഷനിൽ രേഖപ്പെടുത്തുന്ന തുക GST ഉൾപ്പെടെ ആയിരിക്കണം. ക്വട്ടേഷനുകൾ




Building No. 205/A3, Near Govt. Medical College, Gandhinagar P.O., Kottayam, Kerala – 686 008
കെട്ടിട നമ്പർ 205/A3, ഗവ. മെഡിക്കൽ കോളേജിന്റെ സമീപം, ഗാന്ധിനഗർ പി. ഒ., കോട്ടയം, കേരളം - 686 008
+91 - 8547509906 office@iccs.res.in www.iccs.res.in

തുറക്കുന്ന സമയത്ത് ഒരു സ്ഥാപനം/വ്യക്തികളിൽ നിന്ന് ഒരാൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.

## <u>ക്വട്ടേഷൻ വിലയിരുത്തൽ</u>

1. <u>4+1 വാഹനം ഓൺകോൾനിരക്കിൽ;</u> ഒരു ദിവസം 100Km ഓടുന്നതായും 50Km അധികം ഓടുന്നതായും പരിഗണിച്ച്.
2. 6+1 <u>വാഹനം ഓൺകോൾനിരക്കിൽ;</u> ഒരു ദിവസം 100Km ഓടുന്നതായും 50Km അധികമായി ഓടുന്നതായും പരിഗണിച്ച്.
3. 15 സീറ്റർ, വാഹനങ്ങൾ 100Km ഓടുന്നതായും 100 Km അധികമായി ഓടുന്നതായും പരിഗണിച്ച്.
4. ഓഫീസിലെത്തുന്ന സന്ദർശകരെ റെയിൽവെ സ്റ്റേഷൻ / എയർപോർട്ട് നിന്നും കൊണ്ടുവരുന്നതിനും തിരിച്ച് കൊണ്ടുപോകുന്നതിനുമുള്ള റേറ്റ്.

## <u>ആവശ്യകതയും, നിബന്ധനകളും</u>

ഓൺകോൾനിരക്കിൽ ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയ വാഹനങ്ങൾ ഓഫീസ് ആവശ്യത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും ഓടേണ്ടതായി വരും. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ വ്യവസ്ഥകൾക്ക് വിധേയമായി വാഹനം ലഭ്യമാക്കാൻ ബാധ്യസ്ഥനായിരിക്കും. കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന എല്ലാ വാഹനങ്ങൾക്കും കരാർ കാലയളവിൽ എല്ലാ നിയമവ്യവസ്ഥകളും കൃത്യമായി പാലിക്കേണ്ടതാണ്.

## <u>നിബന്ധനകളും വ്യവസ്ഥകളും</u>

* <u>കരാർ കാലാവധി</u>- പ്രവർത്തന ഉത്തരവിൽ പറയുന്ന തീയതി മുതൽ സാധാരണ സാഹചര്യങ്ങളിൽ ഒരു വർഷത്തേക്കാണ് കരാർ കാലാവധി എന്നിരുന്നാലും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും മാറ്റമില്ലാതെ ഇതേ

നിരക്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പൂർണ അധികാരം ICCS ഡയറക്ടറിൽ നിക്ഷിപ്തമാണ്.

* <u>ഹാജരാകേണ്ടസ്ഥലം</u> :- കോട്ടയം ആസ്ഥാനമായുള്ള കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രത്തിലെ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തിയ ആളോ നിർദ്ദേശിക്കുന്ന സ്ഥലം.

* ഉടമ്പടി പ്രകാരമുള്ള വാഹനത്തിൽ ഓഫീസ് ആവശ്യത്തിന് ഓടുന്ന സമയത്ത് നിർബന്ധമായും കോൺട്രാക്ട് വാഹനത്തിൽ ICCS ബോർഡ് കരാറുകാരൻ സ്വന്തം ചെലവിൽ പ്രദർശിപ്പിക്കേണ്ടതും ഓഫീസ്

ആവശ്യത്തിനല്ലാതെ വാഹനം ഓടുന്ന സാഹചര്യത്തിൽ ബോർഡ് മറച്ച് വെക്കേണ്ടതും ആണ്.

* കരാർ ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനം 500/- രൂപയുടെ മുദ്രപത്രത്തിൽ ICCS ഉം ആയി കരാറിൽ ഏർപ്പെടേണ്ടതാണ് .

* മോട്ടോർ വാഹന വകുപ്പ് GPS സംവിധാനം, മറ്റേതെങ്കിലും സർക്കാർ സംവിധാനം നിബന്ധമാക്കുന്ന മുറക്ക് കരാറുകാരൻ സ്വന്തം ചെലവിൽ വാഹനങ്ങളിൽ GPS സംവിധാനം, അനുബന്ധ സംവിധാനങ്ങൾ ഘടിപ്പിക്കേണ്ടതാണ്.

**<u>സേവന ലഭ്യത</u>**

* യാത്ര ചെയ്യുന്ന ഓഫീസറുടെ ആവശ്യത്തിനായി ഡ്രൈവർ സഹകരണ മനോഭാവത്തോടും മതിപ്പുളവാക്കുന്ന വിധത്തിലും പെറുമാറേണ്ടതാണ്.



Building No. 205/A3, Near Govt. Medical College, Gandhinagar P.O., Kottayam, Kerala – 686 008
കെട്ടിട നമ്പർ 205/A3, ഗവ. മെഡിക്കൽ കോളേജിനു സമീപം, ഗാന്ധിനഗർ പി. ഒ., കോട്ടയം, കേരളം – 686 008
+91 - 8547509906 office@iccs.res.in www.iccs.res.in

* വാഹനം എല്ലാ അർത്ഥത്തിലും യാത്രക്ക് സജ്ജമായ വിധത്തിൽ ആയിരിക്കേണ്ടതാണ്.

* സംസ്ഥാനത്തിനന്റെ അകത്തും പുറത്തും വാഹനം ഓടിക്കേണ്ടതായി വരും.

* യാതൊരു കാരണവശാലും കീഴ് കരാർ അനുവദിക്കുന്നതല്ല.

* വാഹനം ഓടിക്കുന്ന ഡ്രൈവർ വാഹനം ഓടിക്കുന്നതിനുള്ള എല്ലാ യോഗ്യതകളും, പരിചയവും ഉണ്ടായിരിക്കേണ്ടതും, യാത്രികരുടെ പൂർണ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പാക്കാനുള്ള ബാധ്യതയും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും. വാഹനങ്ങളിൽ കയറ്റുന്ന സാധന സാമഗ്രികളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന തരത്തിലുള്ള ബാധ്യതയും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

* റോഡിൽ ട്രാഫിക് നിയമം ലംഘിച്ചത് കൊണ്ടോ ശ്രദ്ധകുറവ് മൂലമോ ഉണ്ടാവുന്ന നാശനഷ്ടങ്ങൾക്ക് സർക്കാറിലേക്ക് അടവാക്കേണ്ട ഒരു തുകയ്ക്കും ICCS പ്രത്യക്ഷമായോ പരോക്ഷമായോ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതല്ല.

* പോലീസ് മോട്ടോർ വാഹന വകുപ്പ് തുടങ്ങിയവർ ചുമത്തുന്നപിഴ, പാലങ്ങളിലും മറ്റും നൽകുന്ന ചുങ്കം , പാർക്കിങ് ഫീസ് തുടങ്ങിയവ അടവാക്കാനുള്ള ബാധ്യത പൂർണമായും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കുന്നതാണ് . ICCS യാതൊരു അർത്ഥത്തിലും ഇത്തരം ബാധ്യതകൾ ഏറ്റെടുക്കുന്നതല്ല.



Building No. 205/A3, Near Govt. Medical College, Gandhinagar P.O., Kottayam, Kerala – 686 008
കെട്ടിട നമ്പർ 205/A3, ഗവ. മെഡിക്കൽ കോളേജിനു സമീപം, ഗാന്ധിനഗർ പി. ഒ., കോട്ടയം, കേരളം - 686 008
+91 - 8547509906 office@iccs.res.in www.iccs.res.in

## അറിയിപ്പ് സമയം

* സാധാരണ ആവശ്യങ്ങൾക്ക് വാഹനം ആവശ്യമുള്ളതിനു 2 മണിക്കൂർ മുൻപ് ഫോണിൽ വിളിച്ച് ചുമതലപെടുത്തുന്നതും അറിയിപ്പായി പരിഗണിക്കേണ്ടതാണ്.

* എപ്പോഴും വിളിച്ചാൽ കിട്ടുന്ന രണ്ട് മൊബൈൽ നമ്പറും ഒരു ലാൻഡ് ഫോൺ നമ്പറും ഒരു E-mail ID യും ICCS രജിസ്ട്രാറെ അറിയിക്കേണ്ടതാണ്.

## ഓടിയദൂരംകണക്കാക്കുന്നത്

ഓട്ടം തുടങ്ങുന്നതും അവസാനിക്കുന്നതും ICCS കേന്ദ്രത്തിൽ നിന്നാണ്. പ്രത്യേകസാഹചര്യങ്ങളിൽ ഡയറക്ടറോ ഡയറക്ടർ ചുമതലപ്പെടുത്തുന്ന ആളോ നിർദ്ദേശിക്കുന്ന സ്ഥലം പരിഗണിക്കാവുന്നതാണ്.

## ഓഡോമിറ്റർകൃത്യത

വാഹനത്തിൽ യാത്ര ചെയ്ത ഓഫീസർമാരിൽ സീനിയർ ഓഫീസറിൽ നിന്നും യാത്രാവസാനം ലോഗ് ഷീറ്റിൽ ഓഡോമീറ്റർ പരിശോധിച്ച് നിർബന്ധമായും കിലോമീറ്റർ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. (ലോഗ് ഷീറ്റും വാഹനത്തിന്റെ ഓഡോമീറ്റർ റീഡിങ്ങും പരിശോധിക്കുന്നതിനുള്ള പൂർണ അധികാരം വെഹിക്കിൾ ഇൻചാർജ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.) ലോഗ്ഷീറ്റിൽ യാതൊരു വിധ തിരുത്തലുകളും മിതെ എഴുതലും അനുവദിക്കുന്നതല്ല അത്തരത്തിലുള്ള ലോഗ്ഷീറ്റുകൾ സ്വീകരിക്കുന്നതല്ല.

## ലോഗ് ബുക്ക്പരിപാലനം

ദീർഘദൂര ഓട്ടങ്ങൾക്ക് ചുമതലപ്പെടുത്തുന്ന പ്രതിദിനകരാറുകാർ ഒന്നിൽ കൂടുതൽ ദിവസങ്ങൾക്ക് ഓട്ടം ചുമതലപെടുത്തിയാൽ ഓരോദിവസവും ഓടിയ ദൂരം രേഖപെടുത്തി ലോഗ് ക്ളോസ് ചെയ്യേണ്ടതും അടുത്തദിവസംപുതിയ ലോഗ് ഷീറ്റ് എഴുതേണ്ടതും അത് ഒരു ദിവസത്തെ ട്രിപ്പായിപരിഗണിക്കുന്നതുമാണ്.

## പ്രതിഫലം നൽകുന്നത്

ഓരോ മാസവും മൂന്നാം തിയതിക്ക് ശേഷം തൊട്ടു മുൻമാസത്തെ ഓടിയ ലോഗ്ഷീറ്റുകളും/ട്രിപ്പ്ഷീറ്റുകളും ഒർജിനൽ കോപ്പി ICCS രജിസ്ട്രാറെ ഏൽപിക്കേണ്ടതാണ്. ഷീറ്റുകളിൽ യാത്ര ചെയ്ത ഓഫിസർമാരുടെ കൂട്ടത്തിൽ സീനിയർ ആയ ഓഫിസർ ട്രിപ്പ്ഷീറ്റുകളിൽ ഒപ്പുവെക്കേണ്ടതാണ്. പ്രസ്തുത ഷീറ്റുകളിൽ യാത്രചെയ്ത സ്ഥലം, യാത്ര തുടക്കത്തിലേയും അവസാനത്തെയും ഒഡോ മീറ്റർ റീഡിങ്, കിലോമീറ്റർ , സമയം, യാത്രാവശ്യം, എന്നിവ യാത്ര ചെയ്തയാൾ രേഖപ്പെടുത്തേണ്ടതാണ്.

## പിഴ

യാത്രവേളയിൽ വാഹനം പ്രവർത്തനരഹിതമാവുന്ന അവസ്ഥയിൽ ഒരു മണിക്കൂറിനകം അതേതരത്തിലുള്ള വാഹനം യാത്രക്കായി സജ്ജീകരിക്കേണ്ടതാണ്.

6

ദിവസനിരക്കിലുള്ള കരാറുകാരൻ ആവശ്യത്തിനനുസരിച്ചു വാഹനം ഹാജരാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ 4+1 വാഹനത്തിനു 1000/- രൂപ 6+1 വാഹനത്തിനു 1500/- രൂപ 15 സീറ്റർ വാഹനത്തിനു 2000/- രൂപ പ്രതിദിനനിരക്കിൽ ഈ ഓഫിസ് പിഴ ഈടാക്കുന്നതും മൂന്ന് പ്രാവശ്യത്തിൽ കൂടുതൽ ആവർത്തിച്ചാൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഈ ഓഫീസ് സ്വീകരിക്കുന്നതുമായിരിക്കും.

**<u>കരാർ അവസാനിപ്പിക്കൽ</u>**

കരാറുകാരൻ പ്രസ്തുത സമയത്തും, സ്ഥലത്തും, ഉടമ്പടി പ്രകാരമുള്ള വാഹനങ്ങളെയും, ജീവനക്കാരെയും എത്തിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ ഈ ഓഫിസ് നോട്ടീസ് നൽകി 2 മാസത്തിനകം കരാർ അവസാനിപ്പിക്കുന്നതും, ഈ ഓഫിസിനുണ്ടായ ബാധ്യത കരാറുകരനിൽ നിന്ന് ഈടാക്കുന്നതും ആയിരിക്കും.

ഏതെങ്കിലും തരത്തിൽ വാഹനത്തിനോ ഡ്രൈവർക്കോ പിഴച്ചുമത്തിയാൽ അതിന്റെ പൂർണ ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും ഇതിൽ കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രത്തിനു യാതൊരു വിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കുകയില്ല. ഇത്തരം സാഹചര്യത്തിൽ ഓഫിസിൽ വാഹനം ഹാജരാക്കാൻ കഴിയാതെ വന്നാൽ പകരം വാഹനം കരാറുകാരൻ തന്നെ സ്വന്തം ചിലവിൽ ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകളിലും വ്യവസ്ഥകളിലും മാറ്റം വരുത്താനുള്ള പൂർണ അധികാരം ICCS ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഏതെങ്കിലും സാഹചര്യത്തിൽ വാഹനം ഓഫിസിന് ആവശ്യമില്ലാത്ത സാഹചര്യം വരുകയോ കരാറുകാരൻറെയോ കരാറുകാരൻ നിയമിക്കുന്ന ഡ്രൈവറുടെയോ ഭാഗത്തു നിന്നു വല്ല വീഴ്ച്ച സംഭവിക്കുകയോ ചെയ്താൽ

KSCSTE – INSTITUTE FOR CLIMATE CHANGE STUDIES
കാലാവസ്ഥാവ്യതിയാന പഠനകേന്ദ്രം
Research Organization under the Kerala State Council for Science, Technology & Environment, Government of Kerala. കേരള സർക്കാർ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള ഗവേഷണ സ്ഥാപനം

കരാർ പൂർണമായോ ഭാഗികമായോ നിർത്തലാക്കുന്നതിനുള്ള പൂർണ അധികാരം ICCS ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തിയതി **24/06/2026.**

DIRECTOR
KSCSTE - INSTITUTE FOR CLIMATE CHANGE STUDIES
BUILDING No. 203/A3, NEAR GOVT. MEDICAL COLLEGE
GANDHINAGAR P.O., KOTTAYAM - 686 008

ഡയറക്ടർ ,
കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം,
കോട്ടയം.

KSCSTE-Institute for Climate Change Studies
Govt. of Kerala

Building No. 205/A3, Near Govt. Medical College, Gandhinagar P.O., Kottayam, Kerala – 686 008
കെട്ടിട നമ്പർ 205/A3, ഗവ. മെഡിക്കൽ കോളേജിനു സമീപം, ഗാന്ധിനഗർ പി. ഒ., കോട്ടയം, കേരളം – 686 008
+91 - 8547509906 office@iccs.res.in www.iccs.res.in